# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,തിരുവനന്തപുരം

വിഷയം:- ആവഡ-ഡോ.സർഫറാസ്.പി.എസ്-ജൂനിയർ കൺസൽട്ടൻറ് (ഓർത്തോപീഡിക്സ്)-സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് -ഉത്തരവാകുന്നത് -സംബന്ധിച്ച്

പരാമർശം:- 1.സർക്കാർ ഉത്തരവ് (സാധാ )നമ്പർ:3052/2025 ആകുവ തീയതി 05/10/2025
2.ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എറണാകുളത്ത് നിന്നുള്ള കേസ് നമ്പർ: OA(EKM)-1549/2025
3.ബഹു:ഹൈക്കോടതിയുടെ OP(KAT) നമ്പർ 490/2025 പ്രകാരമുള്ള വിധിന്യായം
3.പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും 07/08/2026 നു ലഭ്യമായ DMOH-PKD/4786/2026-A1 നമ്പർ കത്ത്.

**ഉത്തരവ് നം: DHS/19122/2026-EB3 തീയതി: 08-10-2026**

പാലക്കാട് ജില്ലാ ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ആയ ഡോ.സർഫറാസ്.പി.എസ് സ്ഥാപനത്തിൽ ചികിത്സക്കെത്തിയ പാലക്കാട് പല്ലശ്ശേന നിവാസിയായ 9 വയസ്സുകാരിക്ക് നൽകിയ ചികിത്സയിൽ പിഴവ് വന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു.

ആയതു മേൽ പരാമർശം 2,3 എന്നിവ പ്രകാരം ടി മെഡിക്കൽ ഓഫീസറുടെ സസ്പെൻഷൻ ഉത്തരവ് മാറ്റി നിർത്തി സർവീസിൽ പുനഃ പ്രവേശിപ്പിക്കുന്നതിന് ബഹു.കോടതി വിധിന്യായം വന്നതിന്റെ അടിസ്ഥാനത്തിൽ; സർവീസിൽ പുനഃ പ്രവേശിപ്പിക്കുന്നതിന് പരാമർശം 4 പ്രകാരം ഡോ.സർഫറാസ്.പി.എസ് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഡോ.സർഫറാസ്.പി.എസ്, ജൂനിയർ കൺസൽട്ടൻറ്(ഓർത്തോപീഡിക്സ്) നെ സേവനത്തിൽ പുനഃ പ്രവേശിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സർഫറാസ്.പി.എസ്-നെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പുനഃ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 08-10-2026
18:54:02

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

ഡോ.സർഫറാസ്.പി.എസ്-ജൂനിയർ കൺസൽട്ടൻറ്(ഓർത്തോപീഡിക്സ്),ജില്ലാ ആശുപത്രി, പാലക്കാട്

പകർപ്പ്:-

1.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം )- പാലക്കാട് /കാസർഗോഡ്
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ ) തിരുവനന്തപുരം,കേരള
3.സൂപ്രണ്ട് -ജില്ലാ ആശുപത്രി, പാലക്കാട്/ജില്ലാ ആശുപത്രി,കാഞ്ഞങ്ങാട്
4.ഫയൽ /കരുതൽ ഫയൽ